ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുമായി ടെലിഫോൺ സംഭാഷണം നടത്തി; ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്ക് സാധ്യമായ എല്ലാ സഹായവും നൽകുമെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi held a telephonic conversation with the President of Sri Lanka Anura Kumara Dissanayake yesterday and assured him India's support to Sri Lanka**

2. നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ കേരളത്തിൽ; തിരുവനന്തപുരം ശംഖുമുഖത്ത് നടക്കുന്ന ദിനാഘോഷത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

   **President Draupadi Murmu will be in Kerala tomorrow to participate in the Naval Day celebrations; Preparations for the celebrations to be held at Thiruvananthapuram have been completed.**

3. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച് പാർലമെൻറിൽ ചർച്ച വേണമെന്ന പ്രതിപക്ഷ ആവശ്യം പരിഗണനയിലെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു.

Parliamentary Affairs Minister Kiren Rijiju asserted that the government is not averse to holding a discussion on electoral reforms in the Parliament

4. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിന്റെ അധ്യക്ഷ പദവി ഇന്ത്യയുടെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഏറ്റെടുക്കും.

India's Chief Election Commissioner Gyanesh Kumar will take over as the chairman of the International Institute for Democracy and Electoral Assistance.

5. കാശി തമിഴ് സംഗമത്തിന്റെ നാലാം പതിപ്പിന് ഉത്തർപ്രദേശിലെ വാരാണസിയിൽ ഇന്ന് തുടക്കമാകും.

The fourth edition of the Kashi Tamil Sangam will begin today in Varanasi, Uttar Pradesh.

6. ചിലിയിൽ നടക്കുന്ന **FIH** ജൂനിയർ വനിത ഹോക്കി ലോകകപ്പിൽ നമീബിയയെ എതിരില്ലാത്ത 13 ഗോളുകൾക്ക് പരാജയപ്പെടുത്തി ഇന്ത്യ.

India defeated Namibia by 13 goals to nil in the FIH Junior Women's Hockey World Cup in Chile.

## PM-SRI LANKA

പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുമായി ടെലിഫോൺ സംഭാഷണം നടത്തി. ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്ക് ഇന്ത്യയുടെ ഓപ്പറേഷൻ സാഗർ ബന്ധു ദൗത്യത്തിലൂടെ എല്ലാ സഹായം തുടരുമെന്ന്

പ്രധാനമന്ത്രി ഉറപ്പ് നൽകി.സാധ്യമായ എല്ലാ സഹായവും നൽകുമെന്ന് അദ്ദേഹം വ്യക്തമാക്കി. പുരധിവാസം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും മഹാസാഗർ കാഴ്ചപാടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ ഒപ്പം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ നൽകിയ പിന്തുണയ്ക്ക് ശ്രീലങ്കൻ പ്രസിഡന്റ് നന്ദി അറിയിച്ചു.

## PREZ NAVY

നാളെ തിരുവനന്തപുരത്ത് നടക്കുന്ന നാവികസേനാ ദിനാഘോഷത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി എത്തുന്ന പ്രധാന നാവിക അഭ്യാസം നാളെ വൈകുന്നേരം 4.30 മുതൽ നടക്കും. നാളെ ലോക്ഭവനിൽ തങ്ങുന്ന രാഷ്ട്രപതി മറ്റന്നാൾ രാവിലെ ഡൽഹിക്ക് മടങ്ങും. നാവികാഭ്യാസത്തിന് മുന്നോടിയായി ഇന്നലെ ശംഖുമുഖം ബീച്ചിൽ നടന്ന ഫുൾ ഡ്രസ്സ് റിഹേഴ്സൽ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ ത്രിപാഠിയുടെ മേൽനോട്ടത്തിൽ നടന്ന ഫുൾ ഡ്രസ് റിഹേഴ്സൽ പോർവിമാനങ്ങളുടേയും പോരാട്ട കപ്പലുകളുടേയും അഭ്യാസ പ്രകടനങ്ങൾക്ക് വേദിയായി. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ അനാവരണം ചെയ്യുന്ന കലാപരിപാടികളോടെ ആയിരുന്നു തുടക്കം. സേനയുടെ മ്യൂസിക്കൽ ബാൻഡ് സംഗീത വിരുന്നൊരുക്കി. പിന്നാലെ ഇന്ത്യയുടെ പോർക്കപ്പലുകൾ തീരക്കടലിൽ വിസ്മയ കാഴ്ചയൊരുക്കി. എല്ലാ പോർക്കപ്പലുകളും തീരക്കടലിൽ ദീപാലങ്കൃതമായി അണിനിരന്നതോടെ റിഹേഴ്സലിന് സമാപനമായി.

## INDIA CHAIR IDEA (INTRO)

ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിന്റെ അധ്യക്ഷ സ്ഥാനം ഇന്ത്യ ഏറ്റെടുക്കും. നാളെ സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ നടക്കുന്ന ചടങ്ങിൽ

ഇന്ത്യയെ പ്രതിനിധീകരിച്ച് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ അധ്യക്ഷ പദവി ഏറ്റെടുക്കും. സ്വതന്ത്രവും നീതിയുക്തവും സുതാര്യവുമായ തിരഞ്ഞെടുപ്പുകൾ നടത്താനുള്ള ഇന്ത്യയുടെ മികവിനെ ലോകം അംഗീകരിക്കുന്നതിന്റെ തെളിവാണിതെന്ന് അദ്ദേഹം പറഞ്ഞു. ഈ നേട്ടം എല്ലാ ഇന്ത്യൻ പൗരന്മാർക്കും രാജ്യത്തെ ഓരോ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും അഭിമാനകരമാണെന്നും ശ്രീ ഗ്യാനേഷ് കുമാർ അഭിപ്രായപ്പെട്ടു.

(ഹോൾഡ്)

1995 ൽ സ്ഥാപിതമായ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസ് 37 അംഗ രാജ്യങ്ങളുള്ള ഒരു അന്തർസർക്കാർ സംഘടനയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT

തീവ്ര വോട്ടർപട്ടിക പരിഷ്കരണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രതിപക്ഷ ബഹളത്തിൽ ശീതകാല സമ്മേളനത്തിന്റെ ആദ്യദിനമായ ഇന്നലെ ലോക്സഭ പ്രക്ഷുബ്ധമായി. അതിനിടെ പാൻമസാലയ്ക്കും പുകയില ഉത്പന്നങ്ങൾക്കും പുതിയ അധികസെസും തീരുവയും ഏർപ്പെടുത്തുന്ന ഭേദഗതി ബില്ലുകൾ സഭയിൽ അവതരിപ്പിച്ചു. ലോകകപ്പ് നേടിയ വനിതാ ക്രിക്കറ്റ് ടീമിനെയും കാഴ്ചപരിമിതർക്കായുള്ള ട്വന്റി-20 ലോകകപ്പ് കിരീടം ചൂടിയ വനിതാ ടീമിനെയും സഭ അഭിനന്ദിച്ചു. സ്പീക്കർ അഭിനന്ദനപ്രമേയം അവതരിപ്പിച്ചു. ആദ്യമായി അധ്യക്ഷപദവി അലങ്കരിക്കാനെത്തിയ ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണനെ അഭിനന്ദിച്ചുകൊണ്ടുള്ള ചർച്ച രാജ്യസഭയിൽ നടന്നു. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ചയ്ക്കുള്ള ആവശ്യം പരിഗണനയിലാണെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു രാജ്യസഭയിൽ പറഞ്ഞു. ഭരണഘടന ഉയർത്തിപ്പിടിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ പാർലമെന്റ് അംഗങ്ങളോട് അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ATAL PENSION YOJANA

അടൽ പെൻഷൻ യോജനയിൽ ചേർന്നവരുടെ എണ്ണം 8.34 കോടി കവിഞ്ഞു. ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അറിയിച്ചതാണ് ഇക്കാര്യം. മൊത്തം വരിക്കാരിൽ 48 ശതമാനവും വനിതകളാണ്.

## JP NADDA-HIV

രാജ്യത്തെ എച്ച്ഐവി അണുബാധകളിൽ 32 ശതമാനം കുറവും എയ്ഡ്സ് അനുബന്ധ മരണങ്ങളിൽ 69 ശതമാനം കുറവും രേഖപ്പെടുത്തിയതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ.പി.നദ്ദ. ലോക എയ്ഡ്സ് ദിനാചരണത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു നദ്ദ.

## SANCHAR SAATHI APP

എല്ലാ മൊബൈൽ ഫോൺ നിർമാതാക്കളും ടെലികോം വകുപ്പ് വികസിപ്പിച്ച സൈബർ സുരക്ഷാ ആപ്പ് സഞ്ചാർ സാഥി മുൻകൂട്ടി ഇൻസ്റ്റാൾ ചെയ്യണമെന്ന് കേന്ദ്ര വാർത്താവിനിമയ വകുപ്പ് നിർദ്ദേശം നൽകി. 90 ദിവസത്തിനുള്ളിൽ നിർദ്ദേശം നടപ്പിലാക്കി 120 ദിവസത്തിനുള്ളിൽ വകുപ്പിന് റിപ്പോർട്ട് നൽകണം. വ്യാജ ഹാൻഡ്സെറ്റുകൾ, ഒന്നിലധികം ഫോണുകളിൽ ഒരേ ഐ.എം.ഇ.ഐ നമ്പർ ഉപയോഗിക്കൽ, വ്യാജ സിം കാർഡ്, വ്യാജ കണക്ഷനുകൾ തുടങ്ങിയ തട്ടിപ്പുകൾ തടയാനും നഷ്ടപ്പെട്ട ഫോണുകൾ ട്രാക്ക് ചെയ്യാനും ഉതകുന്ന ആപ്പാണിത്.

## NIA - SEARCHES

ഡൽഹി കാർസ്ഫോടന കേസുമായി ബന്ധപ്പെട്ട് ദേശീയ അന്വേഷണ ഏജൻസി ജമ്മു കശ്മീരിലും ഉത്തർപ്രദേശിലും വിവിധ ഇടങ്ങളിൽ പരിശോധന നടത്തി. ഷോപ്പിയാൻ, കുൽഗാം, പുൽവാമ, ലഖ്നൗ ഉൾപ്പെടെ 8 ഇടങ്ങളിൽ പരിശോധന നടത്തിയതായി എൻ ഐ എ അറിയിച്ചു. നിരവധി ഡിജിറ്റൽ ഉപകരണങ്ങളും കണ്ടെടുത്തിട്ടുണ്ട്.

## JAISHANKAR- THAILAND

സമുദ്രാതിർത്തി പങ്കിടുന്ന പ്രധാന അയൽരാജ്യം എന്നതിലുപരി, ദീർഘകാല സുഹൃത്തായാണ് തായ്‌ലൻഡിനെ ഇന്ത്യ കാണുന്നതെന്ന് വിദേശകാര്യ മന്ത്രി ഡോ.എസ്.ജയ്ശങ്കർ. ന്യൂഡൽഹിയിൽ തായ്‌ലൻഡ് വിദേശകാര്യ മന്ത്രി സിഹാസക് ഫുവാങ്കെറ്റ്കിയോവുമായുള്ള കൂടിക്കാഴ്ചയിൽ, ഇന്ത്യയും തായ്‌ലൻഡും ചരിത്രപരമായ ബന്ധങ്ങൾ പങ്കിടുന്ന രാജ്യങ്ങളാണെന്ന് ശ്രീ.ജയ്ശങ്കർ പറഞ്ഞു. ഇന്ത്യയുടെ 'ആക്റ്റ് ഈസ്റ്റ്' നയവും തായ്‌ലൻഡിന്റെ ആക്റ്റ് വെസ്റ്റ് നയവും അനുപൂരകമാണെന്നും അദ്ദേഹം വ്യക്തമാക്കി.

## KASHI TAMIL SANGAMAM

കാശി തമിഴ് സംഗമത്തിന്റെ നാലാം പതിപ്പിന് ഉത്തർപ്രദേശിലെ വാരാണസിയിൽ ഇന്ന് തുടക്കമാകും. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാനും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചേർന്ന് ഉദ്ഘാടനം ചെയ്യും. രാജ്യത്തിന്റെ ഉത്തര - ദക്ഷിണ ഭാഗങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുകയാണ് സംഗമത്തിന്റെ ലക്ഷ്യം. നമോ ഘട്ടിൽ ഇന്ന് വൈകിട്ടാണ് പരിപാടി. കാശി, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള നിരവധി പരാമ്പരാഗത കലാകാരൻമാർ അണിനിരക്കുന്ന പരിപാടികളും

അരങ്ങേറും. വിദ്യാർത്ഥികൾ, അധ്യാപകർ, എഴുത്തുകാർ, മാധ്യമപ്രവർത്തകർ ഉൾപ്പെടെ തമിഴ്നാട്ടിൽ നിന്നുള്ള 1,400 ലേറെ പ്രതിനിധികൾ പങ്കെടുക്കും.

## GST COLLECTION-NOVEMBER

രാജ്യത്തെ ചരക്ക് സേവന നികുതി വരുമാനത്തിൽ വർധന. ഒരു ലക്ഷത്തി എഴുപതിനായിരത്തി 276 കോടി രൂപയാണ് നവംബറിലെ ജി.എസ്.ടി വരുമാനം. 2024ൽ ഇതേ കാലയളവിലെ ഒരു ലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി പതിനാറ് കോടിയേക്കാൾ 0.76 ശതമാനം വർധന. കേരളത്തിന്റെ ചരക്ക് സേവന നികുതി വരുമാനത്തിലും വർധന രേഖപ്പെടുത്തി. രണ്ടായിരത്തി 963 കോടി രൂപയാണ് നവംബറിലെ വരുമാനം. 2024 നവംബറിലെ രണ്ടായിരത്തി 746 കോടി രൂപയിൽ നിന്ന് എട്ടുശതമാനം വർധനവാണുണ്ടായത്.

## SIR (INTRO)

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള എന്യൂമറേഷൻ ഫോമുകൾ തിരികെ സ്വീകരിക്കുന്നതിനുള്ള ക്യാമ്പുകൾ ഇന്നും തുടരും. എന്യൂമറേഷൻ ഫോമുകൾ തിരികെ സ്വീകരിക്കുന്നതു കൂടുതൽ ഊർജിതമാക്കാനായാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി **എം.പള്ളുരുത്തി...**

(വോയിസ്)

## LOCAL BODY ELECTION – KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ട വോട്ടെടുപ്പിന് ഒരാഴ്ച മാത്രം ശേഷിക്കെ പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. ഇത്തവണ എഴുപത്തി അയ്യായിരത്തി 644 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. ഇതിൽ മുപ്പത്തി ഒമ്പതിനായിരത്തി 609 സ്ത്രീകളും മുപ്പത്തി ആറായിരത്തി 34 പുരുഷൻമാരും ഒരു ട്രാൻസ്ജെൻഡറും ഉൾപ്പെടുന്നത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ പോത്തൻകോട് വാർഡിലാണ് ട്രാൻസ്ജെൻഡർ മത്സരിക്കുന്നത്. ശരാശരി സ്ത്രീ സ്ഥാനാർത്ഥി പ്രാതിനിധ്യം ഇത്തവണ 52.36 % ആണ്. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 11 ന് നടക്കും. സംസ്ഥാനത്തെ 244 കേന്ദ്രങ്ങളിലായി 13 നാണ് വോട്ടെണ്ണൽ.

## KIFBI –CM

കേരളത്തിന്റെ പശ്ചാത്തല അടിസ്ഥാന സൗകര്യ വികസനത്തിനായി തൊണ്ണൂറ്റി ആറായിരം കോടി കിഫ്ബി വഴി മുഖേന ചെലവഴിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. സ്റ്റാർട്ട് അപ്പ് പറുദീസയായി കേരളം മാറിയെന്നും, മുഖ്യമന്ത്രി പറഞ്ഞു. ദുബായിലെ ഒരു പരിപാടിയിലായിരുന്നു മുഖ്യമന്ത്രിയുടെ പരാമർശം. ദേശീയപാതാ വികസനത്തിന് മാത്രം അയ്യായിരത്തി 600 കോടി രൂപ നൽകിയെന്നും മുഖ്യമന്ത്രി പറഞ്ഞു. കിഫ്ബി മസാല ബോണ്ടുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയ്ക്കും മുൻ ധനകാര്യമന്ത്രി തോമസ് ഐസക്കിനും ഇ.ഡി നോട്ടീസ് അയച്ചിരുന്നു.

## WOMENS HOCKEY

ചിലിയിൽ നടക്കുന്ന FIH ജൂനിയർ വനിത ഹോക്കി ലോകകപ്പിൽ ഇന്ത്യക്ക് ജയം. നമീബിയയെ എതിരില്ലാത്ത 13 ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ഹിന ബാനുവും കണികയും ഹാട്രിക് നേടി. ജർമനി, അയർലണ്ട്, നമീബിയ ടീമുകൾക്കൊപ്പം പൂൾ സിയിലാണ് ഇന്ത്യ മത്സരിക്കുന്നത്. ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ ജർമ്മനി, അയർലണ്ടിനെ പരാജയപ്പെടുത്തി. നാളെ ജർമനിക്കെതിരെയാണ് ഇന്ത്യയുടെ അടുത്ത മത്സരം.